**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 334** **28-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ ഇടനാഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതുതായി വ്യവസായ ഇടനാഴികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് നിലവിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിക്ക് വേണ്ടിയാണ്. വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിൽ, കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന ഇടനാഴി കടന്നു പോകുന്ന പ്രദേശങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്കും ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം National Industrial Corridor Development & Implementation Trust (NICDIT) യുടെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുണ്ട്. കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു 'നോഡാ'യി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പാലക്കാട് നോഡിനായി ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ 375 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുളള നടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയാണ്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. പുതുശ്ശേരി സെൻട്രൽ I വില്ലേജിലെ 600 ഏക്കർ ഭൂമിയുടെ 19(1) പ്രഖ്യാപനം പുറപ്പെടുവിച്ചു. പുതുശ്ശേരി സെൻട്രൽ - II വില്ലേജിൽ 501 ഏക്കർ ഭൂമിയുടെ 11 (1) പ്രഖ്യാപനം പുറപ്പെടുവിച്ചു. പാലക്കാട് പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ 375 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectares (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും 1964 -ലെ കേരള ലാന്റ് അസ്സൈൻമെന്റ് റൂൾസ്-ലെ ചട്ടം 11(1) പ്രകാരമുള്ള വിജ്ഞാപനം 04.10.2021 ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഇടനാഴിയിൽ ഏതൊക്കെ വ്യവസായങ്ങളെ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്; ഇതിലൂടെ സംസ്ഥാനത്ത് തൊഴിൽ ലഭ്യതയുടെ വർദ്ധന ഉറപ്പുവരുത്താൻ സാധിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ഇടനാഴിയിൽ വ്യവസായങ്ങളുടെ ക്ലസ്റ്ററുകളാണ് രൂപവല്ക്കരിക്കുന്നത്. പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് CH2M എന്ന ഏജൻസിയെ NICDITചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നു വരുന്നു. പഠനം പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമെ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ പാലക്കാട് നോഡിൽ 10,000 കോടി രൂപയുടെ നിക്ഷേപവും 22,000 ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 80,000ഓളം |

| | | | |
|---|---|---|---|
| | | | പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗിഫ്റ്റ് സിറ്റി യാഥാർത്ഥ്യമാവുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 10000 ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20000 ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | എല്ലാ നിയോജകമണ്ഡലത്തിലും മിനി വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ മറ്റ് ഏജൻസികളോ അനുയോജ്യമായ ഭൂമി ലഭ്യമാക്കിയാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ പാർക്കുകൾ എല്ലാ മണ്ഡലങ്ങളിലും ഒരുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. സ്വകാര്യ വ്യവസായ പാർക്കുകളും സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് സ്ഥാപിക്കുന്ന വ്യവസായ പാർക്കുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പാർക്കുകൾ മുഴുവനും സർക്കാർ മേഖലയിൽ തന്നെ നിലനിർത്താനാണോ ഉദ്ദേശിക്കുന്നത്; സ്വകാര്യ വ്യവസായ പാർക്കുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ സ്ഥാപിക്കപ്പെടുന്ന വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, ഗതാഗതം എന്നിവ സജ്ജമാക്കുന്നുണ്ട്. കൂടാതെ സുരക്ഷ ഉറപ്പാക്കുന്നതിന് ചുറ്റുമതിൽ, ഗേറ്റ് എന്നിവയും ഡ്രെയിനേജ് സംവിധാനവും, മാലിന്യ സംസ്കരണത്തിനായി Effluent Treatment Plant കളും വ്യവസായ പാർക്കുകളിൽ ക്രമീകരിക്കുന്നുണ്ട്. വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് സർക്കാർ ഉത്തരവ് പ്രകാരം അവരുടെ ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു പ്രകാരം നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയും ഗ്രാമ പ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയിലും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സാധിക്കും. ഇത്തരത്തിൽ സ്ഥാപിക്കുന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സ്വകാര്യ സംരംഭകർക്കായിരിക്കും. അനുബന്ധ അനുമതികൾ ലഭ്യമാകുന്ന ഏകജാലക സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്വകാര്യ |

| | | | |
|---|---|---|---|
| | | | വ്യവസായ പാർക്കുകൾക്കും ബാധകമായിരിക്കും. സ്വകാര്യ വ്യവസായ പാർക്ക് ഉൾപ്പെടെ വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചു വരുന്നുണ്ട്. |
| (ഇ) | പ്രസ്തുത പാർക്കുകളിൽ പരമ്പരാഗത വ്യവസായങ്ങൾക്കൊപ്പം ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങളും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ? | (ഇ) | എല്ലാത്തരം വ്യവസായങ്ങളും പാർക്കുകളിൽ ആരംഭിക്കാവുന്നതാണ്. എന്നാൽ ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ ഒരു കുടക്കീഴിലാക്കി ആംരംഭിക്കുന്നതിനായി പ്രത്യേക ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ